**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**23.10.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു.നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** 2014–15 വർഷത്തെ പദ്ധതി ചെലവിനത്തിൽ ആകെ 915 കോടി രൂപ ആയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ 528 കോടിയും ബ്ലോക്ക് പഞ്ചായത്തുകൾ 126 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 150 കോടി രൂപയും മുനിസിപ്പാലിറ്റി 82 കോടിയും കോർപ്പറേഷനുകൾ 29 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ 16 ശതമാനവും (മുൻവർഷം 18%), ബ്ലോക്ക് പഞ്ചായത്തുകൾ 26 ശതമാനവും (മുൻവർഷം 30%) ജില്ലാ പഞ്ചായത്തുകൾ 13 ശതമാനവും (മുൻവർഷം10%) മുനിസിപ്പാലിറ്റികൾ 15.4 ശതമാനവും (മുൻവർഷം 14.7%), കോർപ്പറേഷനുകൾ 12 ശതമാനവും (മുൻവർഷം 13%) ചെലവാക്കിയതായും റിപ്പോർട്ട് ചെയ്യപ്പെട്ടു.

**2.2** തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണ വുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ പഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ എന്നിവയുടെ പ്രതിനിധികളുമായി 2014 നവംബർ മാസം ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രി, ബഹു. നഗരകാര്യ വകുപ്പുമന്ത്രി, ബഹു. ഗ്രാമവികസന വകുപ്പുമന്ത്രി എന്നിവർ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പണികളുടെ ഉയർന്ന പരിധി, ഇ–ടെണ്ടർ നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ, പ്രവൃത്തികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ എന്നീ വിഷയങ്ങൾ ചർച്ചയ്ക്ക് എടുക്കേണ്ടതാണെന്ന് യോഗം തീരുമാനിക്കുകയും ചെയ്തു. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പണികളുടെ വിഷയം സംബന്ധിച്ച് പഠന റിപ്പോർട്ട് അതിന് മുമ്പായി സമർപ്പിക്കാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3** ഐ.എ.വൈ ഭവന നിർമ്മാണത്തിന് നിർബന്ധമായും വകയിരുത്തേണ്ട ഫണ്ട് വകയിരുത്താതെ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന് ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്നും വിശദീകരണം തേടേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4** ഇ.എം.എസ് ഭവന പദ്ധതിക്കുവേണ്ടി ലോൺ എടുത്തതും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതുമായ തുക ചെലവഴിക്കാതെ കിടക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ കിടക്കുന്നതും അടിയന്തിരമായി ചെലവഴിക്കണമന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു. പ്രസ്തുത തുക ഉപയോഗിച്ച് എല്ലാ ഗഡുക്കളും കൊടുത്തു തീർക്കാത്തവർക്ക് ബാക്കി ഗഡു ഉണ്ടെങ്കിൽ ആയത് കൊടുക്കേണ്ടതാണെന്നും ശേഷിക്കുന്ന തുക വായ്പ തുക തിരിച്ചടയ്ക്കുന്നതിന് ഉപയോഗിക്കേണ്ടതാണെന്നും അതിനുശേഷം തുക മിച്ചമുണ്ടെങ്കിൽ പുതിയ ഭവന നിർമ്മാണ പദ്ധതിക്ക് ഉപയോഗിക്കുന്നതിന് അനുവദിക്കാവുന്നതാണെന്നും തീരുമാനിച്ചു. ഇത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5** ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിക്കൊടുത്ത കൃഷി ഫാമുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന 23.08.2014–ലെ സ.ഉ.(സാധാ)1542/14 കൃഷി വകുപ്പ് സർക്കാർ ഉത്തരവ് സംബന്ധിച്ച് മന്ത്രിതലത്തിൽ ചർച്ച ചെയ്യുന്നതിന് യോഗം തീരുമാനിച്ചു. സംസ്ഥാന ആസൂത്രണബോർഡും കൃഷി വകുപ്പും തമ്മിലും ഈ വിഷയം ചർച്ച ചെയ്യാൻ പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.സി.പി. ജോണിനെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും സാങ്കേതിക അനുമതി നൽകുന്നതും സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. പുതിയ തസ്തിക സംബന്ധിച്ച തീരുമാനം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന കാര്യമല്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 പരിയാരം ഗ്രാമപഞ്ചായത്ത് (ഫയൽ നം.60211/ഡി.എ2/14/തസ്വഭവ)

എയ്ഡഡ് സ്ക്കൂളുകൾക്ക് ലൈബ്രറി പുസ്തകം, എൽ,സി,ഡി. പ്രൊജക്ടർ, ലാപ്ടോപ്, കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവയുടെ വിതരണം സംബന്ധിച്ച് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റിവച്ചു. ഇലക്ട്രിക് ബാറ്റ് നൽകുന്ന പ്രോജക്ട് അംഗീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കണ്ണൂർ നഗരസഭ (ഫയൽ നം.65542/ഡി.സി.3/14/തസ്വഭവ)

പൊതു വിഷയം 2.2 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.2512/ഡി.ഡി.2/14/തസ്വഭവ)

ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുന്ന വനിത സ്വയം തൊഴിൽ പരിശീലന വിപണന കേന്ദ്ര സമുച്ചയവും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും സംബന്ധിച്ച് ഗ്രാമ വികസന കമ്മീഷണറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 താന്ന്യം ഗ്രാമപഞ്ചായത്ത് (ഫയൽ നം.67743/ഡി.എ2/തസ്വഭവ)**

പട്ടികജാതി വിദ്യാർത്ഥികളുടെ ഉപരിപഠനം സംബന്ധിച്ചും ഹൈസ്ക്കൂളുകൾ വഴി പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം സംബന്ധിച്ചും നിലവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നും ജലോത്സവത്തിന് വികസന ഫണ്ടിൽ നിന്നും സംഭാവന നൽകേണ്ടതില്ലെന്നും ബയോഗ്യാസ് ടാങ്ക് കൂടുതൽ എണ്ണം നൽകേണ്ടതുണ്ടെങ്കിൽ മാനദണ്ഡങ്ങൾ പാലിച്ച് നൽകാവുന്നതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ (ഫയൽ നം.43455/ഇ.എം1/14/തസ്വഭവ)**

നഗരസഭകളിൽ ഒരു വോട്ട് മാത്രം രേഖപ്പെടുത്തിയാൽ മതിയെന്നതിനാൽ പഞ്ചായത്തുകളിലെതുപോലെ ത്രിതല വോട്ടിംഗ് സമ്പ്രദായം ആവശ്യമില്ലാത്തതിനാൽ ഇപ്പോൾ കേന്ദ്ര ഇലക്ഷൻ കമ്മീഷനിൽ നിന്നും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാടകയ്ക്കെടുത്താണ് വോട്ടിംഗ് നടത്തി വരുന്നത്. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ആർജ്ജിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നഗരസഭാ സ്ഥാപനങ്ങളിൽ നിന്നും 1.48 കോടി രൂപ സമാഹരിക്കേണ്ടത് സംബന്ധിച്ച് സംസ്ഥാന ഇലക്ഷൻ കമ്മീഷനുമായി ചർച്ച ചെയ്യാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കാസറഗോഡ് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 64340/ഡി.ബി.2/14/തസ്വഭവ)**

പൊതു തീരുമാനം 2.5 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 നീണ്ടകര ഗ്രാമപഞ്ചായത്ത് (ഫയൽ നം.61354/എ.ബി1/14/തസ്വഭവ)**

ഓഡിറ്റ് വിഷയമായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് (ഫയൽ നം.64345/ഡിബി1/14/തസ്വഭവ)**

പൊതുവിഷയം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പനമരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.65199/ഡിഡി2/14/തസ്വഭവ)**

പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാന മന്ദിര നിർമ്മാണ പ്രവൃത്തി നിയമാനുസരണം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് നടപ്പാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.65080/ഡിഡി3/14/തസ്വഭവ)**

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിക്കുന്ന കാർഷിക വിജ്ഞാനമേള നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്   (ഫയൽ നം.75793/ഡിഡി2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരാത്ത പ്രോജക്ടുകൾക്ക് അംഗീകാരം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 അടൂർ നഗരസഭ   (ഫയൽ നം.63849/ഡി.ബി.1/14/തസ്വഭവ**

പൊതു തീരുമാനം 2.4 തീരുമാനം ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 നെല്ലനാട് ഗ്രാമപഞ്ചായത്ത്  (ഫയൽ നം.61515/ഡി.ബി.1/14/തസ്വഭവ)**

പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിക്ക് കോസ്റ്റ്ഫോർഡിന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. 30 വർഷ ഗ്യാരണ്ടി നൽകുന്നതും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എഫ്.എ.സി.റ്റി. നിർമ്മിക്കുന്നതുമായ ഫൈബർ ഗ്ലാസ് റീഇൻഫോഴ്സ്മെന്റ് ജിപ്സം പാനൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സാദ്ധ്യത ആരായാൻ പഞ്ചായത്തിന് നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 എറണാകുളം ജില്ലാ പഞ്ചായത്ത്  (ഫയൽ നം.67418/ഡി.എ3/14/തസ്വഭവ)**

പൊതു വിഷയം 2.6 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കേരള കരാട്ടെ ടു അസോസിയേഷൻ പ്രസിഡന്റ് ഡോ.എൻ.ജയരാജ്എം.എൽ.എയുടെ കത്ത്**

പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കണമെന്ന ആവശ്യം യോഗം പരിശോധിക്കുകയും, ആയുധങ്ങൾ ഉപയോഗിക്കുന്നതൊഴികെയുള്ള കരാട്ടെ പരിശീലനം ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.00ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 29.10.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***